(

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസവകുപ്പ്- 2019-2020 അദ്ധ്യയനവർഷം തസ്തിക നഷ്ടം സംഭവിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകരെ നിലനിർത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (എം.എസ്) നം.95/2019/പൊവിവ** **തീയതി, തിരുവനന്തപുരം, 23/07/2019**

---

പരാമർശം:- 1.10.7.2018 ലെ സ.ഉ(സാധാ)നം 2577/2018/പൊ.വി.വ
2.19.7.2018 ലെ സ.ഉ(സാധാ)നം.2726/2018/പൊ.വി.വ
3.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ18.6.2019 തീയതിയിലെ എച്ച്2/19500/2019/ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2019-2020 വർഷത്തെ തസ്തിക നിർണ്ണയം നടത്തുമ്പോൾ തസ്തിക നഷ്ടമാകുന്ന അദ്ധ്യാപക-അനദ്ധ്യാപകരെ നിലനിർത്തുന്നതിനായി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഹൈസ്കൂൾ അദ്ധ്യാപകർ</u>**

2018-2019 വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷടപ്പെട്ട ഹൈസ്കൂൾ അദ്ധ്യാപകരെ നിലനിർത്തുന്നതിനായി പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 9,10 ക്ലാസ്സുകളിൽ 1:40 അനുവദിച്ചിരുന്നു. പ്രസ്തുത ആനുകൂല്യം അതേപടി 2019-2020 വർഷത്തേക്കു കൂടി അനുവദിക്കുന്നു.

**<u>അനദ്ധ്യാപകർ</u>**

2018-2019 ൽ തസ്തിക നഷ്ടപ്പെട്ട അനദ്ധ്യാപകരെ നിലനിർത്തുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പരാമർശം രണ്ട് ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. 2019-2020 വർഷത്തെ തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടമാകുന്ന അനദ്ധ്യാപകരെ നിലനിർത്തുന്നതിനായി പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം അതേപടി 2019-2020 വർഷത്തേക്കു കൂടി അനുവദിക്കുന്നു.

**<u>ഭാഷാദ്ധ്യാപകർ</u>**

തസ്തിക നഷ്ടപ്പെട്ട ഭാഷാദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായി 2016 ൽ പുറപ്പെടുവിച്ചിരുന്ന

26.12.2016 ലെ സ.ഉ(എം.എസ്)നം209/2016/പൊ.വി.വ ഉത്തരവിന്റെ ആനുകൂല്യം 2016-2017 മുതൽ 2018-2019 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി സാധൂകരിച്ചും പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം 2019-2020 വർഷത്തേക്കു കൂടി ബാധകമാക്കിക്കൊണ്ടും ഉത്തരവാകുന്നു.

**സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ**

2017-2018 അധ്യയന വർഷത്തിൽ തസ്തിക നഷ്ടം വന്ന സംരക്ഷിത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിലനിർത്താൻ അവരുടെ തസ്തിക അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിൽ പറയുന്ന കുട്ടികളുടെ എണ്ണത്തിൽ /പിരീഡ് ക്രമത്തിൽ കുറവ് /വ്യത്യാസം വരുത്തി 07.9.2017 ലെ സ.ഉ(കൈ)നം 111/2017/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ ആനുകൂല്യം 2018-2019 വർഷം കൂടി അനുവദിച്ച നൽകിയ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി സാധൂകരിച്ചും പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം 2019-2020 വർഷത്തേക്കു കൂടി ബാധകമാക്കിക്കൊണ്ടും ഉത്തരവാകുന്നു.

സംരക്ഷണത്തിനർഹരല്ലാത്ത അദ്ധ്യാപക അനദ്ധ്യാപകരെയും ഇപ്രകാരം അനുപാതം കുറച്ച് സംരക്ഷിക്കേണ്ടതാണ്.

ഇപ്രകാരം അനുപാതം കുറച്ച് ക്രമീകരിക്കുന്നതിലൂടെ അതത് സ്കൂളിൽ സംരക്ഷിക്കപ്പെടുന്നത് താത്ക്കാലിക ക്രമീകരണം മാത്രമായതിനാൽ, യഥാർത്ഥത്തിൽ തസ്തിക നഷ്ടമാവുന്നവരിൽ സംരക്ഷണത്തിനർഹരായ അധ്യാപകരെയും ജീവനക്കാരെയും അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി വേണം ഇത്തരം ക്രമീകരണം നടത്തേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ.ഷാജഹാൻ**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർമുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്.
പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ